# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5541      04.07.2013 -ൽ മറുപടിയ്ക്ക്


## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത വിധവകൾ

ചോദ്യം      ഉത്തരം

**ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി**      **ശ്രീ .ഷിബു ബേബി ജോൺ**

(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത എത്ര വിധവകൾ സംസ്ഥാനത്തുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 19958 |
| (ബി) | വിധവകൾക്ക് ജോലി നൽകുന്നതിൽ എന്തെല്ലാം പരിഗണനകളാണ് വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ മുൻഗണന നൽകി പരിഗണിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ സർക്കാർ/അർദ്ധസർക്കാർ/ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കുന്ന ക്ലാസ്സ് -3/ക്ലാസ്സ് -4 തസ്തികകളിലെ ഒഴിവുകൾക്ക് ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുമ്പോൾ ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ ഇളവും നൽകി വരുന്നുണ്ട്.<br>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾക്കായി 'ശരണ്യ' എന്ന പേരിൽ ഒരു സ്വയം തൊഴിൽ പദ്ധതി നടപ്പാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000/- രൂപവരെ പലിശ രഹിത വായ്പയും വായ്പതുകയുടെ 50% സബ്സിഡിയായും അനുവദിക്കുന്നുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വിധവകളെ എംപ്ലോയ്മെന്റ് നിയമനങ്ങൾക്കായി ശുപാർശ ചെയ്തുവെന്നും, എത്ര പേർക്ക് നിയമനം നൽകിയെന്നും വെളിപ്പെടുത്തുമോ? | (സി) | 5859 വിധവകൾക്ക് നിയമനശുപാർശ ലഭിച്ചിട്ടുണ്ട്. 651 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ